# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 304      20.06.2019-ൽ മറുപടിക്ക്

## സ്വകാര്യ ലാബുകളുടെ പ്രവർത്തനത്തിന് നിയന്ത്രണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി സി.കെ. ആശ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ സ്വകാര്യ ലാബുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള ടീം ലാബുകൾ പരിശോധിക്കാറുണ്ട്. പ്രസ്തുത പരിശോധനാ ടീം ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസസ്, ലാബ് ടെക്നീഷ്യൻമാരുടെ യോഗ്യത, ബയോ മെഡിക്കൽ വെയ്സ്റ്റ് മാനേജ്മെന്റിന്റെ കാര്യക്ഷമത, ലാബുകളുടെ മൊത്തത്തിലുള്ള ശുചിത്വം എന്നീ കാര്യങ്ങളാണ് ശ്രദ്ധിക്കുക. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ടി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യും. |
| ബി) | സ്വകാര്യ ലാബുകൾ തുടങ്ങുന്നതിന് എന്തൊക്കെ അനുമതികളാണ് വേണ്ടതെന്ന് വ്യക്തമാക്കുമോ; | ബി) | സ്വകാര്യ ലാബുകൾ തുടങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് രജിസ്ട്രേഷൻ നിലവിൽ നടത്തുന്നത്.<br>D & O ലൈസൻസ്, പാരാ മെഡിക്കൽ രജിസ്ട്രേഷൻ, സ്ഥാപനത്തിൽ ഉണ്ടാകുന്ന ബയോ മെഡിക്കൽ വേസ്റ്റ് കൈമാറ്റം ചെയ്യുന്നതിന് IMAGE - യുമായുള്ള ധാരണ പത്രം, സംസ്ഥാന മലിനീകരണ നിയന്ത്രണ |

| | | | |
|---|---|---|---|
| | | | ബോർഡിന്റെ എൻ.ഒ.സി., ഫോട്ടോ പതിച്ച അപേക്ഷയൊടൊപ്പം കെട്ടിട നികുതിയുടെ കോപ്പി (വാടക കെട്ടിടത്തിലാണെങ്കിൽ കെട്ടിട ഉടമയുടെ സമ്മതപത്രം), തുടങ്ങിയവ ആവശ്യമാണ്. തുടർന്ന് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരമുള്ള രജിസ്ട്രേഷനും ചെയ്യേണ്ടതാണ്. |
| (സി) | സ്വകാര്യ ലാബുകളുടെ സ്വാധീനത്താൽ സർക്കാർ ഡോക്ടർമാർ ടെസ്റ്റുകൾ നടത്തുന്നതിന് അവിടങ്ങളിലേക്ക് കുറിപ്പുകൾ നൽകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | ഇത്തരം ലാബുകൾ ടെസ്റ്റുകൾക്ക് സാധാരണ നിരക്കിനേക്കാൾ കൂടുതൽ തുക രോഗികളിൽ നിന്നും കൈപ്പറ്റുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | സ്വകാര്യ ലാബുകളിലെ നിരക്കുകൾ നിയന്ത്രിക്കുന്നതിന് സർക്കാരിന് അധികാരം തരുന്ന നിയമം നിലവിലില്ല. എന്നാൽ കേരള ക്ലിനിക്കൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട് പൂർണ്ണമായും നിലവിൽ വന്നാൽ ആയത് പ്രകാരം നിരക്കുകൾ പ്രദർശിപ്പിക്കേണ്ടതുള്ളതിനാൽ പൊതുജനങ്ങൾക്ക് താരതമ്യ പഠനത്തിന് അവസരം ലഭിക്കുന്നതാണ്. |
| (ഇ) | സ്വകാര്യ ലാബുകളിലെ പരിശോധനകളിൽ ഗുരുതരമായ തെറ്റുകൾ ഉണ്ടാകുമ്പോൾ ഇവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ; | (ഇ) | പബ്ലിക് ഹെൽത്ത് ആക്ടിന്റെ പരിധിയിൽ വരുന്ന വീഴ്ചകൾ ആണെങ്കിൽ പി.എച്ച്. ആക്ട് പ്രകാരമുള്ള തുടർ നടപടികൾ എടുക്കാവുന്നതാണ്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ ലാബുകൾ ഉൾപ്പടെ അതത് സ്ഥാപനങ്ങളിലെ ലഭ്യമായ സേവനങ്ങളും അവയുടെ നിരക്കുകളും സ്ഥാപനത്തിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഈ മാനദണ്ഡങ്ങൾ-ക്കെതിരെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് ആക്ട് അനുസരിച്ച് റദ്ദാക്കപ്പെടുന്നതാണ് |
| എഫ് | സർക്കാർ ഡോക്ടർമാരും സ്വകാര്യ | എഫ് | സർക്കാർ ആശുപത്രികളിൽ ലാബ് സൗകര്യം |

| | | | |
|---|---|---|---|
| | ലാബുകളും തമ്മിലുള്ളതായി ആരോപിക്കപ്പെടുന്ന ആശാസ്യമല്ലാത്തതായ ബന്ധം ഇല്ലാതാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ? | | ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആർദ്രം പദ്ധതി പ്രകാരം 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബുകളുടെ പ്രവർത്തനം ഏർപ്പെടുത്തുകയും, ലാബ് ടെക്നീഷ്യൻമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി ലാബ് ടെക്നീഷ്യൻമാരുടെ 473 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സർക്കാർ ലാബുകൾ ശക്തിപ്പെടുത്തുന്നതിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2017-18-ൽ 7 കോടി രൂപയും 2018-19-ൽ 8 കോടി രൂപയും 2019-20-ൽ 8 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. രോഗ പരിശോധനകളും ചികിത്സാ രീതികളും മാർഗ്ഗരേഖ പ്രകാരം നടത്തുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ ഈ സർക്കാർ പുതിയതായി ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, മലപ്പുറം, ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, സുൽത്താൻ ബത്തേരി, റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ്, പത്തനംതിട്ട എന്നിവ ആരംഭിച്ചു. ഈ ലാബുകൾക്കായി മൊത്തം 35 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് ആരംഭിക്കുന്നതിന് 2 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ